**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1395** **30-06-2026-ൽ മറുപടിയ്ക്ക്**

**തൊഴിലാളി ക്ഷേമനിധി ബോർഡുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്റഫലി

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** തൊഴിൽ വകുപ്പിന് കീഴിൽ എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകളുണ്ട്; ഏതെല്ലാമെന്ന് വിശദമാക്കാമോ;

**മറുപടി:**

സംസ്ഥാന തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകളാണ് നിലവിലുള്ളത്. അവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1.കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്,

2.കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്,

3.കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്,

4.കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്,

5.കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്,

6.കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്,

7.കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്,

8.കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്,

9.കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്,

10.കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്,

11.കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്,

12.കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്,

13.കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്,

14.കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്,

15.കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്,

16.കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്.

**(ബി)** ഇവയിൽ തൊഴിലാളി പെൻഷൻ കുടിശ്ശികയുള്ള ക്ഷേമനിധി ബോർഡുകൾ ഏതെല്ലാം; എന്ന് മുതലുള്ള കുടിശ്ശികയാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അവശതാ പെൻഷൻ 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെയും 2025 ഓഗസ്റ്റ് മുതൽ 2025 ഡിസംബർ വരെയും കുടിശ്ശികയാണ്.

കേരള കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ ബോർഡിൽ 2025 ജൂൺ മുതലുള്ള പെൻഷൻ കുടിശ്ശികയാണ് നിലവിലുള്ളത്. മറ്റ് ക്ഷേമനിധി ബോർഡുകളിൽ തൊഴിലാളി പെൻഷൻ വിതരണത്തിൽ കുടിശ്ശികയില്ല.

**(സി)** ടി കുടിശ്ശിക തീർപ്പാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിവരിക്കുമോ?

**മറുപടി:** കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നാണ് പെൻഷൻ വിതരണം ചെയ്യുന്നത്. പെൻഷൻ നിരക്കിലുള്ള വർദ്ധനവിനും, പെൻഷൻകാരുടെ എണ്ണത്തിലുള്ള വർദ്ധനവിനും അനുസൃതമായി ബോർഡിന്റെ പ്രധാന വരുമാനമായ സെസ്സ് കളക്ഷനിൽ വർദ്ധനവ് സംഭവിക്കാത്തതിനാലാണ് ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായത്. ബോർഡിന്റെ പ്രധാന വരുമാന മാർഗമായ ബിൽഡിംഗ് സെസ്സ് പിരിവ് തദ്ദേശ സ്വയം ഭരണ വകുപ്പിൻറെ സോഫ്റ്റ് വെയറായ കെ സ്മാർട്ട് മുഖാന്തിരം ഊർജിതപ്പെടുത്തുകയും ഇതിൻ പ്രകാരം ബിൽഡിംഗ് സെസ്സ് ഒടുക്കി എന്നുറപ്പുവരുത്തിയതിനു ശേഷം മാത്രമേ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് ഒക്യുപെൻസി സർട്ടിഫിക്കറ്റ് വിതരണം നടത്തുകയും ചെയ്യുന്നുള്ളൂ. ഇതിലൂടെ ബോർഡിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാകുന്നതും കാലക്രമേണ പെൻഷൻ കുടിശ്ശിക സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കുന്നതുമാണ് .കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ കുടിശ്ശികയുള്ള അവശത പെൻഷൻ വിതരണം നടത്തുന്നതിനായുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**